Kerala Kaumudi 04.01.2018

# നിലമ്പൂർ തേക്ക് ഭൗമ സൂചികാ പദവിയിലേക്ക്

തൃശൂർ: കേരളത്തിന്റെ സ്വന്തം നിലമ്പൂർ തേക്ക് ഭൗമ സൂചികാ പദവിയോടെ പുതുവത്സരത്തിൽ ലോകത്തിന്റെ നെറുകയിലേക്ക്. ചെന്നൈയിലെ ജി.ഐ രജിസ്ട്രിയാണ് അംഗീകാരം നൽകിയത്. തേക്കിന് ഭൗമസൂചിക പദവി ലഭിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് കഴിഞ്ഞദിവസം കാർഷിക സർവകലാശാലയിൽ ലഭിച്ചതായി മന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു. മറയൂർ ശർക്കരയ്ക്ക് ഭൗമ സൂചികാപദവി നേടുന്നതിന് ശ്രമങ്ങൾ നടക്കുന്നതിനിടെയാണ് നിലമ്പൂർതേക്കിലൂടെമലയാളക്കരയുടെ നേട്ടം. നിലമ്പൂർ തേക്കിന്റെ പൈതൃകവും പാരമ്പര്യവും സംരക്ഷിക്കാൻ സർവകലാശാലാ നേതൃത്വത്തിൽ 2013 ഒക്ടോബറിൽ സംഘടിപ്പിച്ച ശിൽപ്പശാലയിലാണ് ഭൂപ്രദേശ സൂചിക പദവിക്ക് ശ്രമം തുടങ്ങിയത്. ഭൗമ സൂചികയ്ക്കുള്ള അപേക്ഷ 2016 ഡിസംബറിലാണ് നൽകിയത്.

നിലമ്പൂർ പാരമ്പര്യ തേക്ക് സംരക്ഷണ സമിതിയുടെ പേരിൽ കാർഷിക സർവകലാശാലാ ബൗദ്ധിക സ്വത്തവകാശ സെല്ലാണ് ഇതിനായി അപേക്ഷിച്ചത്.

നിലമ്പൂർതേക്കിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞതും നിലമ്പൂരിലെ തേക്ക് തോട്ടത്തിന് അടിസ്ഥാനമിട്ടതും ബ്രിട്ടീഷുകാരാണ്. തേക്കിന്റെ മെക്ക എന്നറിയപ്പെട്ട നിലമ്പൂരിൽ നിന്ന് ലക്ഷക്കണക്കിന് തേക്കിൻതടികൾ ലണ്ടൻ ഉൾപ്പെടെ വിദേശ നഗരങ്ങളിലേക്കെത്തിച്ചിട്ടുണ്ട്.